**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3** **07-10-2024 - ൽ മറുപടിയ്ക്ക്**

**പി.എസ്.സി. പരീക്ഷകളിൽ ന്യൂനതകളില്ലാത്ത ചോദ്യപേപ്പറുകൾ തയ്യാറാക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അൻവർ സാദത്ത്** | | **ശ്രീ. പിണറായി വിജയൻ**<br>**(മുഖ്യമന്ത്രി)** | |
| (എ) | 2024-ൽ നടന്ന ഏതെല്ലാം പി.എസ്.സി. പരീക്ഷകൾക്ക് അന്തിമ ഉത്തര സൂചികകളിലെ ന്യൂനതകാരണം ചോദ്യങ്ങൾ ഒഴിവാക്കേണ്ടി വന്നിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; പരീക്ഷകളും ഒഴിവാക്കിയ ചോദ്യങ്ങളുടെ എണ്ണവും സംബന്ധിച്ച വിവരം ലഭ്യമാക്കുമോ; | (എ) | ചോദ്യങ്ങൾ ഒഴിവാക്കിയിട്ടില്ല. |
| (ബി) | പി.എസ്.സി. നടത്തുന്ന തൊണ്ണൂറ് ശതമാനം പരീക്ഷകളിലും അഞ്ച് ശതമാനത്തോളം ചോദ്യങ്ങൾ ഉദ്യോഗാർത്ഥികളുടെ ആത്മവിശ്വാസം തകർക്കുന്നവിധം അന്തിമ ഉത്തര സൂചികയിൽനിന്നും ഒഴിവാക്കേണ്ടി വരുന്ന സാഹചര്യം എങ്ങനെ സംജാതമാകുന്നു എന്നത് പരിശോധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ പരിശോധിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | പ്രാഥമിക ഉത്തരസൂചിക സംബന്ധിച്ച് ലഭിക്കുന്ന പരാതികളിൽ വിദഗ്ധസമിതിയുടെ പരിശോധനയ്ക്ക് ശേഷമാണ് അന്തിമ ഉത്തരസൂചിക തയ്യാറാക്കുന്നത്. കുറ്റമറ്റ രീതിയിൽ ചോദ്യങ്ങളും, ഓപ്ഷണൽ ഉത്തരങ്ങളും തയ്യാറാക്കുന്നതിനുള്ള നടപടികൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ കൈക്കൊണ്ടിട്ടുണ്ട് . |
| (സി) | പി.എസ്.സി. പരീക്ഷകൾക്ക് ന്യൂനതയില്ലാത്ത ചോദ്യപേപ്പറുകൾ തയ്യാറാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) | ആവശ്യമായ നിർദ്ദേശങ്ങൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെറ്റർമാർക്ക് നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ